"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ മനോജ് എൽ, ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ- സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2538/2024/H&FWD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-

1. 07-10-2024 ലെ സ.ഉ (സാധാ) നം. 2379/2024/H&FWD
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1561/24 മേലുള്ള 08-10-2024 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14-10-2024 തീയതിയിലെ DHS/23112/2024-EC1 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ മനോജ് എൽ-നെതിരെ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം അന്വേഷണ വിധേയമായി ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഇതിനെതിരെ ഡോ.മനോജ് എൽ, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 1561/24 മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ഡോ.മനോജിന്റെ സസ്പെൻഷൻ ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ഡോ.മനോജ് 09-10-2024 പൂർവ്വാഹ്നത്തിൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസിൽ , ജില്ലാ മെഡിക്കൽ ഓഫീസറുടെ തസ്തികയിൽ പുന.പ്രവേശിച്ചിരുന്നു.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഇടുക്കി യൂണിറ്റിൽ 07-10-2024 തീയതി ഇടുക്കി ജില്ലയിലെ മൂന്നാർ ചിത്തിരപുരത്തുള്ള 'പനോരമിക് ഗെറ്റ് എവേ" എന്ന റിസോർട്ടിന്റെ മാനേജരായ ശ്രീ പ്രമോദ് പി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത വിസി 9/2024/ഐഡികെ U/s 7(a) of PC Act (Amendment) Act 2018 & 61(2) of Bharathiya Nyaya Sanhita 2023 (BNS) കേസിൽ ഇടുക്കി ജില്ല മെഡിക്കൽ ഓഫീസറായിരുന്ന ഡോ. മനോജിനെ 09-10-2024 തീയതിയിൽ 3 മണിക്ക് വിജിലൻസ് അറസ്റ്റ് ചെയ്യുകയും 10-10-2024 ന് ഉച്ചക്ക് ശേഷം മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കുകയും ബഹു.കോടതി ഡോ മനോജ്. എൽ- നെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്യുകയും ചെയ്തിരുന്നു.

3. മേൽ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 10(3) പ്രകാരം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറായിരുന്ന ഡോ മനോജ് എൽ-നെ 09-10-2024 തീയതി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാന് കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
ഡോ.മനോജ് എൽ, ജില്ലാ മെഡിക്കൽ ഓഫീസർ, ഇടുക്കി
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള , തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 24-10-2024 13:19:34

**മേലെഴുത്ത് നം. ഇസി 1–23112/2024/ആ.വ.ഡ. തീയതി: 24/10/2024**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി പ്രസിദ്ധപ്പെടുത്തുന്നു.

**ഡോ. നന്ദകുമാർ കെ.വി.**
ആരോഗ്യവകുപ്പ് ഡയറക്ടർ i/c